പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6243 20-11-2019-ലെ മറുപടി

**പി.വി.ഐ.പി യുടെ ക്യാച്ച്മെന്റ് ഏരിയയിലെ പുനരധിവാസം**

ചോദ്യം

ശ്രീ.ആന്റണി ജോൺ

മറുപടി

കെ.കൃഷ്ണൻകുട്ടി

ജലവിഭവ വകുപ്പമന്ത്രി

| | | | |
|---|---|---|---|
| എ | പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ഭൂതത്താൻ കെട്ടിൽ 2013 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ഒലിച്ച് പോയ പതിനഞ്ചോളം വീടുകളിലെ താമസക്കാരെ ഇപ്പോൾ പി.വി.ഐ.പി യുടെ ക്യാച്ച്മെന്റ് ഏരിയയിൽ താല്ക്കാലികമായി താമസിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, | എ | ഉണ്ട്. |
| ബി | പ്രസ്തുത സ്ഥലം ഇവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ലഭ്യമാക്കുവാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ, വിശദമാക്കുമോ, | ബി | ഭൂതത്താൻ കെട്ട് ബാരേജിൽ മാക്സിമം ലെവലിൽ വെള്ളം ശേഖരിക്കുമ്പോൾ പ്രസ്തുത സ്ഥലം മുങ്ങി പോകുന്നതാണ്. ആയതിനാൽ വാസയോഗ്യമല്ല. |
| സി | ഇവിടെ നിന്നും 2.5 കി. മീ അകലെ പി.വി.ഐ.പി യുടെ തന്നെ കൈവശത്തിലിരിക്കുന്നതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ എൺപത്തിനാല് സെന്റ് സ്ഥലം പ്രസ്തുത ആളുകളെ പുനരധിവസിപ്പിക്കുന്നതിന് അനുയോജ്യമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ, | സി, ഡി & ഇ | പഞ്ചായത്ത് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ റവന്യ‌ു വകുപ്പിൽ നിന്നും ശുപാർശ ലഭിക്കുന്നമുറയ്ക്ക് ജലവിഭവ വകുപ്പ് പ്രൊപ്പോസൽ പരിശോധിക്കുന്നതാണ്. |
| ഡി | പ്രസ്തുത സ്ഥലം ലൈഫ് ഭവന പദ്ധതിയിലെ ഭൂരഹിത, ഭവന രഹിതർക്ക് വീട് വച്ച് കിട്ടുന്നതിനുവേണ്ടി പഞ്ചായത്തിന് വിട്ടുകിട്ടുന്നതിനായി പഞ്ചായത്ത് നൽകിയിട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ, | | |
| ഇ) | പ്രസ്തുത സ്ഥലം ഇത്തരത്തിൽ ഭൂരഹിത ഭവനരഹിതരായിട്ടുള്ളവർക്ക് വീട് വച്ച് നൽകുവാൻ പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ, വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ